REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 11-01-2025 | സമയം 06.45 AM

## പ്രധാന വാർത്തകൾ

- **മയക്കുമരുന്ന് കടത്തും ദേശീയ സുരക്ഷയും സംബന്ധിച്ച മേഖലാ സമ്മേളനം കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ -യുടെ അധ്യക്ഷതയിൽ ഇന്ന് ന്യൂഡൽഹിയിൽ ചേരും.**
- **കേന്ദ്രമന്ത്രി ജിതൻ റാം മാംഞ്ചി ഇന്ന് കൊച്ചിയിലെ കയർബോർഡ് ആസ്ഥാനം സന്ദർശിക്കും.**
- **ഭാവഗായകൻ P. ജയചന്ദ്രന് സംഗീത കേരളത്തിന്റെ ആദരാഞ്ജലി. സംസ്കാരം വൈകിട്ട് ഔദ്യോഗിക ബഹുമതികളോടെ പറവൂർ ചേന്ദമംഗലത്ത്.**
- **എരുമേലിയിൽ അമ്പലപ്പുഴ ആലങ്ങാട് സംഘങ്ങളുടെ പേട്ട തുള്ളൽ ഇന്ന്.**
- **വൃത്തിയും സുരക്ഷയും ഉറപ്പാക്കിയതിന് കണ്ണൂർ ചാൽ ബീച്ചിന് അന്താരാഷ്ട്ര അംഗീകാരം.**
- **ISL ഫുട്ബോളിൽ പഞ്ചാബ്, നോർത്ത് ഈസ്റ്റ് യുണൈറ്റഡ് മത്സരം സമനിലയിൽ**

## വാർത്തകൾ വിശദമായി

മയക്കുമരുന്ന് കടത്തും ദേശീയ സുരക്ഷയും സംബന്ധിച്ച മേഖലാ സമ്മേളനം കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ -യുടെ അധ്യക്ഷതയിൽ ഇന്ന് ന്യൂഡൽഹിയിൽ ചേരും. നാർക്കോട്ടിക് കൺട്രോൾ ബ്യൂറോയാണ് സമ്മേളനം സംഘടിപ്പിക്കുന്നത്.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ.

.......വോയ്സ്........

ഉത്തരേന്ത്യയിലെ എട്ട് സംസ്ഥാനങ്ങളിലും കേന്ദ്ര ഭരണ പ്രദേശങ്ങളിലും പ്രത്യേക ശ്രദ്ധ കേന്ദ്രീകരിച്ച്, മയക്കുമരുന്ന് കടത്തിന്റെ വർദ്ധിച്ചുവരുന്ന ആശങ്കയും ദേശീയ സുരക്ഷയിൽ അതിന്റെ സ്വാധീനവും പരിഹരിക്കാൻ ലക്ഷ്യമിട്ടാണ് സമ്മേളനം. ചടങ്ങിൽ മയക്കുമരുന്ന് നിർമാർജന പക്ഷാചരണവും NCBയുടെ ഭോപ്പാൽ സോണൽ യൂണിറ്റിന്റെ പുതിയ ഓഫീസ് സമുച്ചയത്തിന്റെ ഉദ്ഘാടനവും അമിത് ഷാ നിർവഹിക്കും. എല്ലാ സംസ്ഥാനങ്ങളിലേക്കും കേന്ദ്രഭരണ പ്രദേശങ്ങളിലേക്കും 'മാനസ്-2' ഹെൽപ്പ് ലൈൻ വ്യാപിപ്പിക്കുന്നതും അദ്ദേഹം ഉദ്ഘാടനവും ചെയ്യും.

ഇന്നു മുതൽ ഈ മാസം 25 വരെ സംഘടിപ്പിക്കുന്ന മയക്കുമരുന്ന് നിർമാർജന പക്ഷാചരണത്തിൽ രാജ്യാന്തര വിപണിയിൽ 2,411 കോടി രൂപ വിലമതിക്കുന്ന പിടിച്ചെടുത്ത 44,792 കിലോഗ്രാം മയക്കുമരുന്നുകൾ നശിപ്പിക്കും.

നാഷണൽ നാർക്കോട്ടിക് ഹെൽപ്‌ലൈൻ 'മാനസ്' പോർട്ടലിൽ നിന്ന് തത്സമയ വിവരങ്ങൾ സംസ്ഥാനങ്ങളുടെയും കേന്ദ്ര ഭരണ പ്രദേശങ്ങളുടേയും ആന്റി നാർകോട്ടിക് ടാസ്ക് ഫോഴ്സുമായി പങ്കുവയ്ക്കുന്നതിലും, മയക്കുമരുന്ന് കടത്ത് തടയുന്നതിലെ സംസ്ഥാനങ്ങളുടെ പുരോഗതി വിലയിരുത്തുന്നതിലും സമ്മേളനം ശ്രദ്ധ കേന്ദ്രീകരിക്കും. നാർക്കോട്ടിക് ഏകോപന സംവിധാനത്തിന്റെ ഫലപ്രാപ്തിയും സമ്മേളനം വിലയിരുത്തും.

2047-ഓടെ ലഹരിവിമുക്ത ഇന്ത്യ കൈവരിക്കാൻ ത്രിതല തന്ത്രമാണ് ആഭ്യന്തര മന്ത്രാലയം നടപ്പാക്കുന്നത്.

✪✪✪

ദേശീയ യുവജന ദിനത്തോടനുബന്ധിച്ച് നാളെ ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ നടക്കുന്ന വികസിത് ഭാരത് യംഗ് ലീഡേഴ്സ് ഡയലോഗിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പങ്കെടുക്കും. പ്രമുഖ ആത്മീയ നേതാവും ഇന്ത്യയുടെ യൂത്ത് ഐക്കണുമായ സ്വാമി വിവേകാനന്ദന്റെ ജന്മദിനമാണ് ദേശീയ യുവജന ദിനമായി ആഘോഷിക്കുന്നത്.

ഡയലോഗിൽ കേരളത്തിൽ നിന്ന് 39 പേർ ഉൾപ്പെടെ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി തെരഞ്ഞെടുത്ത മൂവായിരം യുവ നേതാക്കളുമായി മോദി സംവദിക്കും. ഇവർ പത്ത് വിഷയങ്ങളിൽ എഴുതിയ മികച്ച ലേഖനങ്ങളുടെ സമാഹാരവും പ്രധാനമന്ത്രി പ്രകാശനം ചെയ്യും. സാങ്കേതികവിദ്യ, സുസ്ഥിരത, സ്ത്രീ ശാക്തീകരണം, ഉൽപ്പാദനം, കൃഷി തുടങ്ങിയ വൈവിധ്യമാർന്ന മേഖലകളെ ഉൾപ്പെടുത്തിയാണ് ലേഖനങ്ങൾ തയ്യാറാക്കിയത്.

യുവ നേതാക്കളുടെ ആശയങ്ങളും അനുഭവങ്ങളും അഭിലാഷങ്ങളും നേരിട്ട് പങ്കുവെക്കാൻ അവസരമൊരുക്കി. അവർക്കൊപ്പം ഉച്ചഭക്ഷണത്തിലും പ്രധാനമന്ത്രി പങ്കെടുക്കും.

✪✪✪

കേന്ദ്ര സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ മന്ത്രി ജിതൻ റാം മാംഞ്ചി ഇന്ന് കൊച്ചിയിലെ കയർ ബോർഡ് ആസ്ഥാനം സന്ദർശിക്കും. അരൂർ, ചേർത്തല എന്നിവിടങ്ങളിലെ കയർ ഉത്പാദന കേന്ദ്രങ്ങളും കേന്ദ്ര മന്ത്രി സന്ദർശിക്കും.

✪✪✪

ഇന്ത്യയുടെ പ്രത്യേക സാമ്പത്തിക മേഖലയിലെ ധാതു ബ്ലോക്കുകളുടെ ആദ്യഘട്ട ലേലവുമായി ബന്ധപ്പെട്ട് കേന്ദ്ര മൈൻസ് മന്ത്രാലയം ഇന്ന് കൊച്ചിയിൽ റോഡ് ഷോ സംഘടിപ്പിക്കും.

പ്രത്യേക സാമ്പത്തിക മേഖലയിലെ സമുദ്ര പ്രദേശത്ത ധാതുക്കൾ കണ്ടെത്തി അവ പ്രയോജനപ്പെടുത്തുന്നതിനു അവസരമാണ് മന്ത്രാലയം മുന്നോട്ടുവയ്ക്കുന്നത്. ആദ്യഘട്ട ലേലത്തിൽ അറബിക്കടലിലെയും, ആൻഡമാൻ കടലിലെയും പതിമൂന്ന് ബ്ലോക്കുകളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. സംസ്ഥാന തീരത്തിന് സമീപത്തെ കടൽ മേഖലയിലെ മൂന്നു ബ്ലോക്കുകളും ഇതിൽ പെടും. ചടങ്ങിൽ മൈൻസ് മന്ത്രാലയം സെക്രട്ടറി VL കാന്തറാവു ഉൾപ്പെടെ പങ്കെടുക്കും.

✪✪✪

അന്തരിച്ച ഭാവഗായകൻ P. ജയചന്ദ്രന് സംഗീത കേരളത്തിന്റെ ആദരാഞ്ജലി. ഔദ്യോഗിക ബഹുമതികളോടെ എറണാകുളം ജില്ലയിലെ പറവൂർ ചേന്ദമംഗലത്ത് പാലിയം തറവാട്ടിൽ വൈകിട്ട് ഭൗതികദേഹം സംസ്കരിക്കും. ഭൗതിക ശരീരം രാവിലെ തൃശ്ശൂർ പൂങ്കുന്നത്തുനിന്ന് പറവൂർ ചേന്ദമംഗലത്ത് എത്തിക്കും.

രാവിലെ ഇരിങ്ങാലക്കുട നാഷണൽ ഹയർസെക്കൻഡറി സ്കൂളിൽ പൊതുദർശനത്തിന് വെച്ച ശേഷമായിരിക്കും പറവൂരിലേക്ക് കൊണ്ടുപോവുക.

✪✪✪

ഇടുക്കി കട്ടമുടിക്കുടി പാട ശേഖരത്തിൽ വിളഞ്ഞ നെല്ല് കുഞ്ചിപ്പെട്ടി അരി എന്ന ബ്രാൻഡിൽ നാടിന് സമർപ്പിച്ചു.

ബ്രാൻഡ് ചെയ്ത അരിയുടെ ആദ്യ പാക്കറ്റ് മന്ത്രി OR കേളു പാടശേഖരസമിതി പ്രതിനിധികളിൽ നിന്നും തട്ടേക്കാട് ഫോറസ്റ്റ് ഗസ്റ്റ് ഹൗസിൽ ഏറ്റുവാങ്ങി. അരിയുടെ ലോഗോയും പ്രകാശനം ചെയ്തു.

നെല്ല് വ്യാവസായിക അടിസ്ഥാനത്തിൽ സംസ്കരിക്കുന്നതിന് സംവിധാനങ്ങൾ ഒരുക്കുന്നതിനു പട്ടികവർഗ്ഗ വികസന വകുപ്പ് ഉടൻ പദ്ധതി ആരംഭിക്കും. രണ്ട് മാസത്തിനകം അരി വിപണിയിൽ ലഭ്യമാകും.

✪✪✪

കൊല്ലത്ത് സമാപിച്ച കുടുംബശ്രീ ആറാമത് സംസ്ഥാനതല ബഡ്സ് കലോത്സവം - തില്ലാനയിൽ വയനാട് ജില്ല രണ്ടാം തവണയും ചാമ്പ്യൻമാരായി. 47 പോയിന്റാണ് ജില്ലക്ക് ലഭിച്ചത്. 27 പോയിന്റുമായി തൃശൂർ രണ്ടും, 25 പോയിന്റ് നേടി തിരുവനന്തപുരം മൂന്നും സ്ഥാനങ്ങളിലെത്തി.

വയനാട് ജില്ലയ്ക്ക് ട്രോഫിയും അഞ്ചു ലക്ഷം രൂപയും, തൃശൂരിന് ജില്ലയ്ക്ക് ട്രോഫിയും മൂന്ന് ലക്ഷം രൂപയും, തിരുവനന്തപുരത്തിന് ട്രോഫിയും രണ്ടു ലക്ഷം രൂപയും സമാപന സമ്മേളനം ഉദ്ഘാടനം ചെയ്ത മന്ത്രി J. ചിഞ്ചുറാണി സമ്മാനിച്ചു.

മികച്ച ബഡ്സ് ഉൽപന്ന സ്റ്റാളുകളുടെ വിഭാഗത്തിൽ ഒന്നാം സ്ഥാനം നേടിയ തിരുവനന്തപുരത്തിനും രണ്ടാമതെത്തിയ പത്തനംതിട്ടയ്ക്കും മൂന്നാം സ്ഥാനം നേടിയ ഇടുക്കി ജില്ലക്കും പുരസ്കാരങ്ങളും ചടങ്ങിൽ വിതരണം ചെയ്തു. വിവിധ മത്സരങ്ങളിൽ വിജയികളായവർക്കു പുരസ്കാരവും സമ്മാനിച്ചു.

✪✪✪

നിലമ്പൂർ MLA പി.വി.അൻവർ തൃണമൂൽ കോൺഗ്രസിൽ ചേർന്നു. കൊൽക്കത്തയിൽ തൃണമൂൽ കോൺഗ്രസ് ആസ്ഥാനത്ത് നടന്ന ചടങ്ങിൽ TMC ദേശീയ ജനറൽ സെക്രട്ടറി അഭിഷേക് ബാനർജി അൻവറിന് അംഗത്വം നൽകി. തൃണമൂൽ കോൺഗ്രസിന്റെ കേരള കോ-ഓർഡിനേറ്ററായി അൻവറിനെ നിയമിച്ചു. പാർട്ടിയിൽ അംഗത്വം എടുക്കുന്നത് ഉൾപ്പെടെ കാര്യങ്ങൾ നിയമവിദഗ്ധരുമായി ആലോചിച്ച് തീരുമാനിക്കുമെന്നും അദ്ദേഹം പറഞ്ഞു.

✪✪✪

ശബരിമല തീർത്ഥാടനത്തിലെ പ്രധാന ഇടത്താവളമായ എരുമേലിയിൽ മകരവിളക്ക് തീർത്ഥാടന കാലത്തെ പ്രധാന ആചാരമായ അമ്പലപ്പുഴ ആലങ്ങാട് സംഘങ്ങളുടെ പേട്ട തുള്ളൽ ഇന്ന്.

ഉച്ചയോടെ എരുമേലി ശ്രീധർമ്മശാസ്താ ക്ഷേത്രത്തിൽ നിന്ന് അമ്പലപ്പുഴ സംഘത്തിന്റെ പേട്ടതുള്ളൽ പുറപ്പെടും. വാവര് പള്ളി എന്നറിയപ്പെടുന്ന നൈനാർ പള്ളിയിൽ സ്വീകരണം ഏറ്റുവാങ്ങി വാവരുടെ പ്രതിനിധിയോടൊപ്പം സംഘം പേട്ട ശാസ്താ ക്ഷേത്രത്തിലേക്ക് നീങ്ങും.

ഉച്ചകഴിഞ്ഞാണ് ആലങ്ങാട് സംഘത്തിന്റെ പേട്ടതുള്ളൽ. ഇന്നലെ എരുമേലിയിലെത്തിയ അമ്പലപ്പുഴ ആലങ്ങാട് സംഘങ്ങൾ മഹല്ല് മുസ്ലിം ജമാഅത്തിന്റെ സൗഹൃദ സംഗമത്തിൽ പങ്കെടുത്തു. തുടർന്ന് നൈനാർ പള്ളി അങ്കണത്തിൽ നിന്ന് പുറപ്പെട്ട ചന്ദനക്കുട ഘോഷയാത്രക്ക് ക്ഷേത്രങ്ങളിൽ സ്വീകരണം നൽകി.

✪✪✪

സംസ്ഥാന ഹജ്ജ് കമ്മിറ്റി മുഖേന അപേക്ഷിച്ച് നറുക്കെടുപ്പിലൂടെ വെയ്റ്റിംഗ് ലിസ്റ്റിൽ ഉൾപ്പെട്ട ക്രമനമ്പർ 1,712 മുതൽ 2,208 വരെ അപേക്ഷകർക്ക് കൂടി ഹജ്ജിന് അവസരം ലഭിച്ചു.

ഈ മാസം 23-നകം ആദ്യ ഗഡുവും രണ്ടാം ഗഡുവും അടക്കണമെന്ന് സംസ്ഥാന ഹജ്ജ് കമ്മിറ്റി അറിയിച്ചു.

✪✪✪

പരിസ്ഥിതി സൗഹൃദ ഇടപെടലുകളിലൂടെ വൃത്തിയും സുരക്ഷയും ഉറപ്പാക്കിയതിന് കണ്ണൂർ അഴീക്കോട് ഗ്രാമ പഞ്ചായത്തിലെ ചാൽ ബീച്ചിന് അന്താരാഷ്ട്ര അംഗീകാരമായ ബ്ലൂ ഫ്ലാഗ് പദവി. രാജ്യത്തെ 13 ബീച്ചുകൾക്കാണ് ഈ വർഷം ബ്ലൂ ഫ്ളാഗ് ലഭിച്ചത് .

വിശദാംശങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി KO.ശശിധരൻ.

........വോയ്സ്..........

ഡെൻമാർക്ക് ആസ്ഥാനമായി പ്രവർത്തിക്കുന്ന ഫൗണ്ടേഷൻ ഫോർ എൻവയോൺമെന്റൽ എജുക്കേഷന് എന്ന സംഘടനയുടെ ബ്ലൂ ഫ്ളാഗ് പദവിയാണ് ചാൽ ബീച്ചിന് ലഭിച്ചത്. ജൈവവൈവിധ്യ സമ്പന്നമായ ചാൽ ബീച്ചിൽ ജില്ലാ ഭരണകൂടവും ജില്ലാ DTPC യും നടത്തിയ പരിസ്ഥിതി സൗഹൃദമായ ഇടപെടലുകളാണ് ബ്ലൂ ഫ്ളാഗ് ലഭിക്കാൻ വഴിയൊരുക്കിയത്സോഷ്യൽ ഫോറസ്ട്രിയുടെ സഹകരണത്തോടെ ബീച്ചിൽ ആരംഭിച്ച ബട്ടർഫ്ളൈ പാർക്ക്, കടലാമ പ്രജനന കേന്ദ്രം, ഗ്രാമപഞ്ചായത്ത്

മുഖേന പ്ലാസ്റ്റിക് നിർമാർജനത്തിനായി നടത്തിയ പ്രവർത്തനങ്ങൾ, വാട്ടർ എടിഎം എന്നിവയും ഹെർബൽ ഗാർഡനും ചാൽ ബീച്ചിനെ ആകർഷകമാക്കുന്ന ഘടകങ്ങളാണ്. ബീച്ചിലെ പ്രധാന കവാടത്തിനു ഇരുവശത്തും 150 മീറ്റർ വീതം സുരക്ഷിത നീന്തൽ മേഖലയാണ്. അഹമ്മദാബാദിൽ നടന്ന അന്താരാഷ്ട്ര കോൺഫറൻസിൽ ഡിടിപിസി ബീച്ച് മാനേജർ പി ആർ ശരത്കുമാർ ബ്ലൂ ഫ്ലാഗ് ഏറ്റുവാങ്ങി.

✪✪✪

ISL ഫുട്ബോളിൽ പഞ്ചാബ് FC, നോർത്ത് ഈസ്റ്റ് യുണൈറ്റഡ് FC പോരാട്ടം സമനിലയിൽ അവസാനിച്ചു. ഇരുടീമുകളും ഒരോ ഗോൾ നേടി.

ഇന്ന് രണ്ട് മത്സരങ്ങളുണ്ട്. ആദ്യ മത്സരത്തിൽ വൈകിട്ട് അഞ്ചിന് ബെംഗളൂരുവിൽ, ബെംഗളൂരു FC, മുഹമ്മദൻ S Cയെ നേരിടും. രാത്രി 7.30ന് ഗുവാഹത്തിയിൽ മോഹൻബഗാൻ, ഈസ്റ്റ് ബംഗാളുമായി ഏറ്റുമുട്ടും.

✪✪✪

കോലാലംപൂരിൽ മലേഷ്യൻ ഓപ്പൺ ബാഡ്മിൻഡൻ പുരുഷ ഡബിൾസ് സെമി ഫൈനലിൽ ഇന്ത്യയുടെ സാത്വിക്സായിരാജ് റാങ്കിറെഡ്ഡി-ചിരാഗ് ഷെട്ടി സഖ്യം ദക്ഷിണ കൊറിയയുടെ സിയോ സിയുങ്-ജെ - കിം വോൻ-ഹോ സഖ്യത്തെ നേരിടും. ഇന്ത്യൻ സമയം ഉച്ചയ്ക്ക് 1.40നാണ് മത്സരം. ക്വർട്ടറിൽ മലേഷ്യൻ സഖ്യത്തെയാണ് ഇരുവരും തോൽപ്പിച്ചത്.

✪✪✪

ദേശീയപാതയിൽ കണ്ണൂർ തളാപ്പ് മക്കാനിക്ക് സമീപം ബൈക്ക് അപകടത്തിൽ 28 കാരൻ മരിച്ചു.

പറശിനിക്കടവ് നണിച്ചേരി സ്വദേശി രാഹുൽ ആണ് മരിച്ചത്. ഇന്നലെ അർധരാത്രിയോടെയായിരുന്നു അപകടം.

✪✪✪

സംസ്ഥാനത്തെ ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷനുകളിലെ കരട് വാർഡ് വിഭജന നിർദ്ദേശങ്ങൾ സംബന്ധിച്ച പരാതികളിൽ ജില്ലാതല ഹിയറിംഗ് അടുത്ത വ്യാഴാഴ്ച ആരംഭിക്കുമെന്ന് ഡീലിമിറ്റേഷൻ കമ്മീഷൻ ചെയർമാൻ കൂടിയായ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ A.ഷാജഹാൻ അറിയിച്ചു.

അടുത്ത മാസം 22 വരെയാണ് ഹീയറിംഗ്. വ്യാഴാഴ്ച പത്തനംതിട്ടയിലാണ് ആദ്യ ഹിയറിംഗ് എന്നും അദ്ദേഹം പറഞ്ഞു.

✪✪✪

കാഴ്ചയില്ലാത്തവരുടെ ശാക്തീകരണം ലക്ഷ്യമിട്ട് കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡിന്റെ 55-ാമത് സംസ്ഥാന സമ്മേളനം ഇന്ന് കാസർകോട്ട് ആരംഭിക്കും. രണ്ടു ദിവസത്തെ സമ്മേളനത്തിൽ സംസ്ഥനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി 1,200 ഓളം അംഗങ്ങൾ പങ്കെടുക്കും.

ഭിന്നശേഷി പെൻഷൻ എല്ലാ മാസവും വിതരണം ചെയ്യണമെന്നും 3,000 രൂപയായി വർദ്ധിപ്പിക്കണമെന്നും ഗവൺമെന്റ് , എയ്ഡഡ് മേഖലകളിലെ തൊഴിൽ സംവരണം സമയബന്ധിതമായി നടപ്പിലാക്കണമെന്നും സമ്മേളനത്തിൽ ആവശ്യം ഉന്നയിക്കുമെന്നും KFB സംസ്ഥാന ഭാരവാഹികൾ അറിയിച്ചു.

✪✪✪

പാലക്കാട് ശ്രീകൃഷ്ണപുരത്ത് ഓടിക്കൊണ്ടിരുന്ന സ്വകാര്യ ബസ് തീപിടിച്ച് കത്തി നശിച്ചു. യാത്രക്കാർ പരിക്കേൽക്കാതെ രക്ഷപ്പെട്ടു. കോഴിക്കോട് നിന്ന് ചെന്നൈയിലേക്ക് പോവുകയായിരുന്ന ബസ്സിനാണ് ഇന്നലെ രാത്രി 9 മണിയോടെ തീ പിടിച്ചത്.

ബസ്സിന് മുന്നിൽ പുക കണ്ടതോടെ ഡ്രൈവർ ബസ് നിർത്തി യാത്രക്കാരെ പുറത്തിറക്കുകയായിരുന്നു. ബസ്സിൽ ജീവനക്കാർ ഉൾപ്പടെ 27 പേരാണ് ഉണ്ടായിരുന്നത്.

✪✪✪

*News Editor: പി ചന്ദ്രബാബു*
*News Reader: ഹക്കീം കൂട്ടായി*
*Casual News Reader: സബിത ആനന്ദ്*
*DEO: സുബോധ് സി കെ*

आकाशवाणी